ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം – സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) വിഭാഗം - ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാർക്ക് ₹.23700-52600/- ശമ്പള നിരക്കിലുള്ള നോൺ ടെക്നിക്കൽ അറ്റൻറർ തസ്തികയിൽ തസ്തികമാറ്റ നിയമനം അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ഡി ) വിഭാഗം**

**നം. ED2/43521/16/DTE** **തിരുവനന്തപുരം,**

**തീയതി :26-06-2025**

---

വായന :-

1. **14.09.1973** ലെ സ. ഉ (പി) നം. **249/73**/പിഡി നമ്പർ സർക്കാർ ഉത്തരവ് .
2. **10.02.2021** ലെ സ. ഉ (പി) നം.**27/2021**/ധന നമ്പർ സർക്കാർ ഉത്തരവ്.
3. **15.01.1993** ലെ സ.ഉ (പി) നം.**9/93**/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
4. **10.03.1983** ലെ **130558/SDI/82/GAD** നമ്പർ സർക്കാർ സർക്കുലർ
5. ഈ കാര്യാലയത്തിൽ നിന്നുള്ള **27.01.2025** തീയതിയിലെ **DTETVM/562/2025-EG3 (EG)** അന്തിമ സീനിയോറിറ്റി പട്ടിക.
6. ഈ കാര്യാലയത്തിൽ നിന്നുള്ള **23.05.2025** തീയതിയിലെ ഇതേ നമ്പർ സർക്കുലർ
7. നോൺ ടെക്നിക്കൽ അറ്റൻറർ തസ്തികയിൽ തസ്തികമാറ്റ നിയമനത്തിന് സമ്മതപത്രം സമർപ്പിച്ചു കൊണ്ടുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ അപേക്ഷകൾ .
8. **30.11.2023** ലെ സ.ഉ (പി) നം.**17/2023**/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

നോൺ ടെക്നിക്കൽ അറ്റൻറർ തസ്തികയിലെ നിലവിലെ ഒഴിവുകളിലേക്ക് തസ്തികമാറ്റ നിയമ

നത്തിനായി മേൽ വായന (6) സർക്കുലർ പ്രകാരം താൽപര്യപത്രം സമർപ്പിച്ച ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ മേൽ വായന (7) ലെ അപേക്ഷകൾ കണക്കിലെടുത്ത് കൊണ്ട ും, മേൽ വായന (5) സീനിയോറിറ്റി പട്ടികയുടെ അടിസ്ഥാനത്തിലും, മേൽ വായന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളും പ്രകാരം, ടി ജീവനക്കാർക്ക് ₹ 23700 - 52600 വേതന നിരക്കിലുള്ള നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിൽ കെ.എസ് & എസ്എസ്ആർ ചട്ടം 28 (b) (ii) പ്രകാരം തസ്തിക മാറ്റം വഴി നിയമനം ചുവടെ ചേർക്കും വിധം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | വായന സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പേര്, തസ്തിക, സ്ഥാപനം, പെൻ നമ്പർ | തസ്തിക മാറ്റം അനുവദിക്കുന്ന തസ്തികയും,സ്ഥാപനവും |
|---|---|---|---|
| 1. | 135 | ശ്രീ പ്രകാശ് ബാബു കെ. എസ്.<br>വാച്ച്മാൻ<br>സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, മാനന്തവാടി<br>പെൻ: 406748 | സർക്കാർ പോളിടെക്നിക് കോളേജ്,<br>മേപ്പാടി |
| 2. | 245 | ശ്രീമതി വനജ കാവിനിശ്ശേരി<br>ഹെഡ് കുക്ക്<br>റെസിഡെൻഷ്യൽ വനിത പോളിടെക്നിക് കോളേജ്, പയ്യന്നൂർ<br>പെൻ: 398221 | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,<br>കണ്ണൂർ |
| | | ശ്രീമതി ഷീല പി.എസ്.<br>സിക്ക് റൂം അറ്റൻഡർ | സർക്കാർ പോളിടെക്നിക് കോളേ |

| | | | |
|---|---|---|---|
| 3. | 270 | സർക്കാർ പോളിടെക്നിക് കോളേജ്, കോട്ടയം<br><br>പെൻ: **385650** | ജ്,<br>വെച്ചൂച്ചിറ |
| 4. | 518 | ശ്രീ റെജിമോൻ പി.കെ.<br>ഓഫീസ് അറ്റൻഡൻറ്<br><br>സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, കാഞ്ഞിരപ്പള്ളി<br><br>പെൻ: **645690** | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി |
| 5. | 616 | ശ്രീമതി ടെൽമ ജെ.<br>ഫുൾ ടൈം സാനിറ്ററി വർക്കർ<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, വയനാട്<br><br>പെൻ: **671189** | സർക്കാർ വനിത പോളിടെക്നിക് കോളേജ്,<br>കോട്ടക്കൽ |
| 6. | 621 | ശ്രീമതി ജീന തോമസ് എൻ.<br>ഹെഡ് കുക്ക്<br>സർക്കാർ വനിത പോളിടെക്നിക് കോളേജ്, തൃശ്ശൂർ<br><br>പെൻ: **715701** | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം |

| | | | |
|---|---|---|---|
| 7. | 624 | ശ്രീ ഷാജൻ എൻ. പി.<br><br>ബസ് ക്ലീനർ<br>സർക്കാർ എഞ്ചിനീയറ ിംഗ് കോളേജ്,<br>ഇടുക്കി<br><br>പെൻ: 716556 | സർക്കാർ പോളിടെക്നിക് കോളേജ്,<br>നെടുംകണ്ടം |

നോൺ - ടെക്നിക്കൽ അറ്റൻഡർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ പരിശോധിച്ചതിന് ശേഷം മാത്രം ടി ജീവനക്കാരെ ടി തസ്തികയിൽ സ്ഥാപന മേധാവികൾ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

പതിനഞ്ച് വർഷ സമയ ബന്ധിത ഹയർ ഗ്രേഡ് വാങ്ങിയ ശേക്ഷം നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം ലഭിക്കുന്ന ജീവനക്കാരുടെ ശമ്പള നിർണ്ണയം ഭാഗം I കെഎസ്ആർ ചട്ടം 37 (ബി) പ്രകാരമായിരിക്കും. അഡ്വാൻസ് ഇൻക്രിമെൻറിനും അർഹത ഉണ്ടായിരിക്കുന്നതല്ല. ടി പ്രകാരമുള്ള തസ്തികമാറ്റ ഉത്തരവ് തീയതിക്ക് ശേഷം, ടി തസ്തികമാറ്റ നിയമനം പരിത്യജിക്കുന്നതിനുള്ള അവകാശം ടി ജീവനക്കാർക്ക് വായന (8) പ്രകാരം ഉണ്ടായിരിക്കുന്നതല്ല.

ഈ ഉത്തരവ് പ്രകാരം വാച്ച്മാൻ, ബസ് ക്ലീനർ തസ്തികകളിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ സ്ഥാപന മേധാവികൾ പിഎസ്സി മുഖേന നികത്തേണ്ടതാണ്.

Signed by
Deepa V
Date: 26-06-2025 11:55:52

**Deepa V**

**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്,

1. സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം.
2. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്